ഖാദി ഉല്പന്ന വിപണനരംഗം

101 (447) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഉല്പന്ന വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട് ;

(ബി) ഖാദി ഉല്പന്നങ്ങളുടെ വില്പനയിൽ നിന്നുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) ഖാദി ഉല്പന്ന വിപണന രംഗത്ത് എത്ര ശതമാനം വർദ്ധനയാണ് ഉണ്ടായിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഖാദി ബോർഡിന്റെയും ഖാദി ബോർഡ് ധനസഹായം ചെയ്ത സ്ഥാപനങ്ങളുടെയും ഖാദി ഉല്പന്നങ്ങളുടെ (പോളി വസ്ത്രം ഉൾപ്പെടെ) വില്പന വിവരം വർഷം തിരിച്ച് താഴെകൊടുക്കുന്നു :

2011-12-34.37 കോടി രൂപ

2012-13-38.19 കോടി രൂപ

2013-14-45.47 കോടി രൂപ

2014-15-38.47 കോടി രൂപ (31-12-2014 വരെ)

(സി) 2011-12 വർഷം 17.67% ഉം.

2012-13 വർഷം 11% ഉം

2013-14 വർഷം 19.06% ഉം

2014-15 വർഷം 11.28% വും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
(31-12-2014 വരെ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കുകയും ചെയ്യ. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുന്നു. ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനിക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നു. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളികൾക്ക് ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം നൽകി ആകർഷകമായ ബെഡ്ഷീറ്റുകൾ, തുണിത്തരങ്ങൾ എന്നിവ നിർമ്മിക്കത്തക്കവിധത്തിൽ തറികളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നുണ്ട്.

ചെറുകിട വ്യവസായം-കടിശ്ശിക എഴുതി തള്ളൽ

102 (448) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ബോർഡിൽനിന്നും വായ്പ എടുത്ത് ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നടത്തിവന്നവർ നഷ്ടം കാരണം ആത്മഹത്യ ചെയ്യപ്പെട്ടപ്പോൾ കുടുംബങ്ങൾ റവന്യൂ റിക്കവറി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കടിശ്ശിക എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ഇത്തരം കുടുംബങ്ങളെ സഹായിക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഖാദി ബോർഡിൽനിന്നും വായ്പ എടുത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്തിവന്നിരുന്ന ചിലർ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വായ്പയെടുത്ത് നഷ്ടം സംഭവിച്ചതുകൊണ്ടാണ് ആത്മഹത്യ ചെയ്തതെന്ന് വ്യക്തമായിട്ടില്ല. കേന്ദ്ര ഖാദി കമ്മീഷൻ പൊതുമേഖലാ ബാങ്കിൽനിന്നും വായ്പയെടുത്ത് നൽകിയ തുകയിൽ നിന്നുമാണ് വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് വായ്പ അനുവദിച്ച് നൽകിയത്. ടി വായ്പാതുക പലിശയും പിഴപ്പലിശയും സഹിതം ഖാദി ബോർഡ് ഖാദി കമ്മീഷന് തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ നടപടി സ്വീകരിക്കുവാൻ ബോർഡിന് സാധിക്കുകയില്ല. പതിനായിരം രൂപ വരെ വായ്പയെടുത്ത് കടിശ്ശിക ആയവരെ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനായി വായ്പാ തുകയും പലിശയും അടക്കമുള്ള തുക സർക്കാരിൽനിന്നും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഖാദി ബോർഡ് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly